**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4284

25.06.2014-ലെ മറുപടിയ്ക്ക്

## ഒറ്റപ്പാലം മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) 1.06.2006 മുതൽ 31.3.2011 വരെ ഒറ്റപ്പാലം താലൂക്കിൽ ടൂറിസം പദ്ധതിയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;<br>(ബി) 1.06.2006 മുതൽ 31.3.2011 വരെയുള്ള കാലയളവിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പദ്ധതികൾ നടപ്പിലാക്കിയെന്നുള്ള വിശദാംശം നൽകാമോ; | (എ) യും (ബി) യും<br>ഈ കാലയളവിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ നാട്യശാല നിർമ്മിക്കുന്നതിനായി 54,75,000/- രൂപ ചെലവ് ചെയ്തു. |
| (സി) 1.06.2011 മുതൽ 31.3.2014 വരെയുള്ള കാലത്ത് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ടൂറിസം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ? | (സി) 01.06.2011 മുതൽ 31.03.2014 വരെയുള്ള കാലത്ത് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുന്നതിനായി 2,07,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യഘട്ട തുകയായി 50 ലക്ഷം രൂപ പാലക്കാട് ഡി.റ്റി.പി.സി.ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ